LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-2022 ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകയിരിത്തിയിരിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുന്നതിനായി 9-5-2014-ലെ സ.ഉ. (കയ്യെഴുത്ത്) നം. 185/2014-റവ. നമ്പർ ഉത്തരവ് (അനുബന്ധം-1),* 20-5-2017-ലെ 107/ദേവ. 2/2017/റവന്യൂ. നമ്പർ സർക്കുലർ (അനുബന്ധം-2)* എന്നിവ പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യപ്പെടുന്നമുറയ്ക്ക് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. ഇതോടൊപ്പം ക്ഷേത്രക്കുളങ്ങളും കാവുകളും നവീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29-7-2021-ൽ ഒരു മീറ്റിംഗ് കൂടിയിട്ടുമുണ്ട്.

(ബി) കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രക്കുളം നവീകരിച്ച് സംരക്ഷിക്കുന്നതിനുള്ള അപേക്ഷ/പദ്ധതി ദേവസ്വം ബോർഡിന്റെയോ സർക്കാരിന്റെയോ പരിഗണനയിലുണ്ടോ;

&

(സി) ഉണ്ടെങ്കിൽ അത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പുതിയേടം ക്ഷേത്രക്കുളം നവീകരിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണെന്ന് കൊച്ചിൻ ദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ**

102 (3808) ശ്രീ. വി. ജോയി:

ശ്രീ. എം. മുകേഷ്:

ശ്രീമതി യു. പ്രതിഭ:

ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു.

(ബി) നിലവിൽ ബോർഡ് ഏറ്റെടുത്തുനടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ക്ഷേത്രങ്ങളിൽ ആചാരപരമായ സൗകര്യങ്ങളൊരുക്കുക, ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങി വിശ്വാസികൾക്ക് (ശബരിമല തീർത്ഥാടകർക്കുൾപ്പെടെ) ക്ഷേത്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക എന്നുള്ളത് ബോർഡിന്റെ പ്രധാന കർത്തവ്യമാണ്. ക്ഷേത്രങ്ങൾക്കുപുറമെ വിദ്യാഭ്യാസരംഗത്തും ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് എന്നനിലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രവർത്തിച്ചുവരുന്നുണ്ട്. 4 എയ്ഡഡ് കോളജുകൾ, 2 അൺ എയ്ഡഡ് കോളജുകൾ, 26 സ്കൂളുകൾ എന്നിവ ബോർഡിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൊക്കൊണ്ടുവരുന്നുണ്ട്. ഉദാഹരണമായി ഓൺലൈൻ പഠന സൗകര്യമില്ലാത്ത നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ബോർഡിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ഫോണുകൾ വിതരണം ചെയ്യുകയുണ്ടായി.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ ബോർഡ് വിലയിരുത്താറുണ്ടോ?

ഉണ്ട്.

(ഡി) ക്ഷേത്രജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും മുടങ്ങാതെ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ സഹായം ആവശ്യമായി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വാർഷിക വിഹിതം ഇനത്തിൽ 2019-2020, 2020-2021 സാമ്പത്തികവർഷങ്ങളിൽ 40 ലക്ഷം രൂപ വീതവും (ആകെ 80 ലക്ഷം) കോവിഡുമൂലവും മറ്റ് വിവിധ കാരണങ്ങളാലും തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിനായി 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 120 കോടി രൂപ പ്രത്യേക ധനസഹായമായും സർക്കാരിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

(ഇ) ക്ഷേത്രങ്ങളുടെ പരിരക്ഷയും ക്ഷേത്രജീവനക്കാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താൻ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.